പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2200 **27-10-2026-ൽ മറുപടിയ്ക്ക്**

മഞ്ചേശ്വരം താലൂക്കിലെ ഓപ്പറേഷൻ ത്രുഫാൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) മഞ്ചേശ്വരം താലൂക്കിന്റെ പരിധിയിൽ ലഹരിമരുന്ന് വ്യാപനത്തിനെതിരെ ആഭ്യന്തര വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി നടപ്പിലാക്കിവരുന്ന ഓപ്പറേഷൻ ത്രുഫാൻ മുഖേന സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

മറുപടി: മഞ്ചേശ്വരം താലൂക്ക് ഉൾപ്പെട്ട കാസർഗോഡ് ജില്ലയിൽ ഓപ്പറേഷൻ ത്രുഫാന്റെ ഭാഗമായി വിവിധ പരിപാടികൾ നടത്തി വരുന്നുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ (SPG), പി.ടി.എ എന്നിവരെ ഉൾപ്പെടുത്തി ലഹരി വിമുക്ത ജാഗ്രത സമിതികൾ, വാർഡ് തലത്തിൽ ലഹരിയ്ക്കെതിരെ ജാഗ്രതാ സമിതികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. സ്കൂൾ, കോളേജ് മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ പോലീസ് നിരന്തരം നിരീക്ഷണം നടത്തി വരുകയും, ലഹരി വിൽപ്പന നടത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വായന ശാലകൾ മറ്റ് സന്നദ്ധ സംഘടനകൾ തുടങ്ങിയവയ്ക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകി വരുന്നുണ്ട്. ഓപ്പറേഷൻ ത്രുഫാന്റെ രണ്ടാം ഘട്ടമായ ഓപ്പറേഷൻ ത്രുഫാൻ 2.0 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പോലീസ് നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പൊതുജനങ്ങളെ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിനു വേണ്ടി ത്രുഫാൻ വാരിയർ ആയി പ്രഖ്യാപിച്ചു കൊണ്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ലഹരി ഇടപാടുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ മുൻകാല കുറ്റകൃത്യങ്ങളും പരിശോധിച്ച് അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കേരള പോലീസ് വകുപ്പിന് കീഴിലാണ് 'ഓപ്പറേഷൻ ത്രുഫാൻ ദി നാർക്കോ ഹണ്ട്' എന്ന പദ്ധതി നടപ്പിലാക്കി വരുന്നത്. ആയതിനാൽ ഇത് എക്സൈസ് വകുപ്പിന് ബാധകമല്ല.

(ബി) പ്രസ്തുത താലൂക്ക് പരിധിയിലുള്ള പൊലീസ് സ്റ്റേഷനുകളിൽ ഓപ്പറേഷൻ ത്രുഫാനുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഓരോ കേസിലും എത്ര പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ; പിടിച്ചെടുത്ത തൊണ്ടിമുതലുകളുടെ വിവരങ്ങൾ (ഇനം,അളവ്/മൂല്യം) എന്നിവ സെക്ഷൻ/സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കാമോ;

മറുപടി: മഞ്ചേശ്വരം താലൂക്ക് പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിലായി 45 എൻ.ഡി.പി.എസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു

പോലീസ് സ്റ്റേഷൻ	കേസുകളുടെ എണ്ണം	അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം	പിടിച്ചെടുത്ത ലഹരി വസ്തുകൾ
മഞ്ചേശ്വരം	26	32	MDMA - 130.57g (ഏകദേശ മൂല്യം - 13,05,700 /-) Ganja - 900g 910 mg (ഏകദേശ മൂല്യം - 4545/-)
കുമ്പള	18	29	MDMA - 22.005g (ഏകദേശ മൂല്യം - 2,20,050 /-) Ganja - 31 Kg 275g 95mg (ഏകദേശ മൂല്യം - 15,63,797 /-)
ബദിയെടുക്ക	1	1	Ganja - 14g10mg (ഏകദേശ മൂല്യം - 705/-)

(സി) താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ ലഹരിപദാർത്ഥങ്ങളുടെ വിൽപ്പനയും ഉപയോഗവും വ്യാപകമായി തുടരുന്നത് തടയുന്നതിനായി തുടർന്നും എന്തെല്ലാം അടിയന്തര നടപടികളാണ് ആഭ്യന്തര വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> മഞ്ചേശ്വരം താലൂക്കിലെ വിവിധ പ്രദേശങ്ങളിലെ ലഹരി പദാർഥങ്ങളുടെ വിൽപ്പനയും ഉപയോഗവും തടയുന്നതിനായി പോലീസ് കർശന നിയമനടപടികളും ബോധവൽക്കരണ ക്ലാസുകളും നടത്തി വരുന്നുണ്ട്. സ്കൂൾ, കോളേജ് എന്നിവ കേന്ദ്രീകരിച്ച് അദ്ധ്യാപകർ, വിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവർക്ക് ബോധവൽക്കരണ ക്ലാസ്സും ലഹരി വിരുദ്ധ പ്രതിജ്ഞയും നൽകി വരുന്നുണ്ട്. കൂടാതെ തുടർച്ചയായി ലഹരി കേസുകളിൽ ഉൾപ്പെട്ടവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനും PITNDPS നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ